(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം ജില്ലതിരിച്ചു വ്യക്തമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ സംസ്ഥാനത്ത് എത്ര വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടുണ്ട് ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) വർഗ്ഗീയ കലാപങ്ങളിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ; ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് 4625 രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്. 4633 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 20537 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പ്രസ്തുത സംഘട്ടനങ്ങളിൽ 30 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. അവരുടെ രാഷ്ട്രീയ ബന്ധം വ്യക്തമാക്കുന്ന ജില്ലതിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വർഗ്ഗീയ കലാപങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) ഉത്തരം (സി)യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**രാഷ്ട്രീയ കൊലക്കേസ്സുകൾ**

220 (224) ശ്രീ. എ. എം. ആരിഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് രാഷ്ട്രീയ പ്രവർത്തകർ കൊലചെയ്യപ്പെട്ട എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിൽ എന്നും വിശദമാക്കാമോ ;

(ബി) ഓരോ കേസ്സിന്റെയും അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇതിൽ പ്രധാന പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാത്ത കേസ്സുകൾ ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ;

(ഡി) കുറ്റപത്രം കോടതിയിൽ സമർപ്പിച്ചവ എത്ര ;

(ഇ) ഇതിൽ പ്രത്യേക അന്വേഷണ സംഘത്തെ ഏർപ്പെടുത്തി അന്വേഷണം നടത്തിയ കേസ്സുകൾ ഏതെല്ലാം ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 27 കേസുകളിലായി 28 രാഷ്ട്രീയ കൊലപാതകങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അവയുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

(ബി) ഇവയിൽ 17 കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 2 കേസുകളിന്മേൽ ശിക്ഷ വിധിച്ചിട്ടുണ്ട്. ബാക്കിയുള്ള 10 കേസുകൾ അന്വേഷണാവസ്ഥയിലാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പ്രധാന പ്രതികളെയെല്ലാംതന്നെ അറസ്റ്റ് ചെയ്തിട്ടുള്ളതാണ്.

(ഡി) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ 17 എണ്ണത്തിന്മേൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. ഇവയിൽ 2 എണ്ണത്തിൽ ശിക്ഷ വിധിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഇ) മേൽപ്പറഞ്ഞ രാഷ്ട്രീയ കൊലപാതക കേസുകളിൽ പയ്യോളി മനോഹരൻ, അനീഷ് രാജൻ, ടി. പി. ചന്ദ്രശേഖരൻ, മനോജ് കുമാർ, മുരളിധരൻ, ദീപക് എന്നീ കൊലപാതക കേസുകളിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ചാണ് അന്വേഷണം നടത്തിവരുന്നത്.

**ക്രമസമാധാന രംഗത്തെ നേട്ടങ്ങൾ**

221 (225) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് ക്രമസമാധാന രംഗത്ത് കേരളം ദേശീയ തലത്തിൽ ഉന്നത സ്ഥാനത്ത് എത്തിയിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് : വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ടുകളുടേയും സർവ്വേകളുടേയും വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) ക്രമസമാധാനരംഗത്ത് ഭൂതരും നേട്ടങ്ങൾ കൈവരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly